# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **7015** **13/07/2012**-ൽ മറുപടിക്ക്

<u>മൃഗശാലയിലുള്ള മൃഗങ്ങളുടെ ആരോഗ്യസംരക്ഷണം</u>

<u>ചോദ്യം</u> <u>ഉത്തരം</u>

ശ്രീ. റ്റി. എൻ. പ്രതാപൻ
ശ്രീ. പാലോട് രവി
ശ്രീ. പി. സി. വിഷ്ണുനാഥ്

കുമാരി. പി.കെ. ജയലക്ഷ്മി
(ബഹു.പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ മൃഗശാലയിലുള്ള മൃഗങ്ങളുടെ ആരോഗ്യസംരക്ഷണത്തിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ; | (എ) | മൃഗശാലയിലുള്ള മൃഗങ്ങൾക്ക് രോഗങ്ങൾ ഉണ്ടാകുന്നത് ഈച്ച, കൊതുക്, എലി മുതലായവ പെരുകുന്നതിനാലാണ്. ഇവ ഉന്മൂലം ചെയ്യുന്നതിനും, രോഗം കൃത്യ സമയത്ത് കണ്ടുപിടിക്കുന്നതിനും, തടയുന്നതിനുമുള്ള മുൻകരുതൽ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇതിനായി മൃഗശാലകളിൽ ആവശ്യമുള്ള ഡോക്ടർമാരേയും മറ്റു സംവിധാനങ്ങളും ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; | (ബി) | മൃഗങ്ങളുടെ ആരോഗ്യസംരക്ഷണത്തിനായി ഒരു വെറ്റിനറി സർജ്ജൻ, ബയോളജിസ്റ്റ് തുടങ്ങി മറ്റ് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനും, രോഗ നിർണ്ണയത്തിനായി ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. |
| (സി) | മൃഗങ്ങളുടെ ഇടയിൽ പടരാനിടയുള്ള രോഗങ്ങൾ തടയുവാൻ ശുചീകരണ പ്രവർത്തനങ്ങളും പ്രതിരോധ വാക്സിനുകളും നടത്തുമോ; വിശദാംശങ്ങൾ എന്തെല്ലാം? | (സി) | മൃഗങ്ങളുടെ ഇടയിൽ പടരാനിടയുള്ള രോഗങ്ങൾ തടയുവാൻ താഴെ പറയുന്ന ശുചീകരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br>1. മൃഗങ്ങളുടെ കൂടുകളിലെ വിസർജ്ജ്യ നിർഭരമായ മേൽമണ്ണ് മാറ്റി പുതിയ മണ്ണ് നിറയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.<br>2. മൃഗശാലയിലെ ഓടകൾ വൃത്തിയാക്കുന്നു. |

| | | | |
|---|---|---|---|
| | | | 3. ഈച്ച, കൊതുക്, ചെള്ള്, എലികൾ എന്നിവ പെരുകാതിരിക്കുന്നതിനായി മൃഗശാലയിലെ കളകളും, പുല്ലും നശിപ്പിച്ച് പരിസരം വൃത്തിയാക്കുന്നു. എലികളെ കെണി വച്ച് നശിപ്പിക്കുന്നു.<br><br>4. മൃഗശാലയിലെ ജീവികളുടെ രക്ത സാംപിളുകൾ പരിശോധിക്കുകയും, ആവശ്യമായ പ്രതിരോധ വാക്സിനുകളും മരുന്നുകളും നൽകുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ.